## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 168** — **07-06-2021 - ൽ മറുപടിയ്ക്ക്**

## കോവിഡ്-19 ലോക്ഡൗൺ കാലത്തെ വ്യാജ വാറ്റും മദ്യവർജ്ജനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | മദ്യ വർജ്ജനത്തിന് ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മദ്യ വർജ്ജനത്തിന് ഊന്നൽ നൽകിയും, മയക്ക് മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. 'വിമുക്തി' മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയും, കുടുംബശ്രീ യൂണിറ്റുകൾ, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി. തുടങ്ങിയ വിദ്യാർത്ഥി യുവജന സംഘടനകൾ വഴിയും മദ്യം, മയക്ക് മരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലോക പുകയില വിരുദ്ധ ദിനം, അന്താരാഷ്ട്ര മയക്ക്മരുന്ന് വിരുദ്ധ ദിനം, ഗാന്ധി ജയന്തി തുടങ്ങിയ പ്രധാന ദിനങ്ങളോടനുബന്ധിച്ചും മറ്റ് അവസരങ്ങളിലും മദ്യം, മയക്ക്മരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച പരസ്യം നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് വരുന്നു. കൂടാതെ വിദ്യാർത്ഥികൾക്കും പൊതു ജനങ്ങൾക്കുമായി ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി പ്രസംഗ മത്സരം, പോസ്റ്റർ തയ്യാറാക്കൽ, ട്രോൾ ഇമേജ് തയ്യാറാക്കൽ, ക്വിസ്സ് മത്സരം എന്നിവ സംഘടിപ്പിച്ച് വരുന്നു. മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായ പരിധി 23 വയസ്സായി ഉയർത്തി നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. അനധികൃത മദ്യ നിർമ്മാണത്തിന്റേയും, മയക്ക്മരുന്നുകൾ ഉൾപ്പെടെയുള്ളവയുടെയും അനധികൃത വില്പന തടയുന്നതിനാവശ്യമായ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മദ്യ വർജ്ജനം ലക്ഷ്യമിട്ട് സ്വീകരിച്ച് വരുന്നു. മദ്യവർജ്ജനം ലക്ഷ്യമിട്ട്, |

| | | | |
|---|---|---|---|
| | | | വിവിധ തലങ്ങളിൽ സമഗ്രമായി, വ്യാപകമായ പ്രചരണം ശക്തിപ്പെടുത്തിയിട്ടുണ്ട് |
| (ബി) | ലോക്ഡൗൺ കാലത്ത് വ്യാപകമായി വ്യാജചാരായ വാറ്റ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1112 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| നമ്പർ | ജില്ല | കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 168 |
| 2 | കൊല്ലം | 148 |
| 3 | പത്തനംതിട്ട | 88 |
| 4 | ആലപ്പുഴ | 116 |
| 5 | കോട്ടയം | 70 |
| 6 | ഇടുക്കി | 60 |
| 7 | എറണാകുളം | 50 |
| 8 | തൃശ്ശൂർ | 57 |
| 9 | പാലക്കാട് | 121 |
| 10 | മലപ്പുറം | 68 |
| 11 | കോഴിക്കോട് | 111 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 21 |
| 14 | കാസർഗോഡ് | 25 |
| | ആകെ | 1112 |